

# ഹാറൂൻ യഹ്‌യ
## പ്രബോധനരംഗത്തെ ഒറ്റയാൾ പ്രസ്ഥാനം

സുഹൈർ അലി

**ലോകപ്രശസ്ത** ഖുർആൻ-ശാസ്ത്ര ഗവേഷകനും പണ്ഡിതനുമായ ഹാറൂൻ യഹ്‌യ പ്രബോധനജീവിതവുമായി അമ്പതു വയസ്സ് പിന്നിടുമ്പോൾ അനേകായിരം പേരെ സന്മാർഗത്തിലേക്ക് നയിക്കാൻ പ്രേരകമായതിലുള്ള ചാരിതാർഥ്യം മാത്രമേ ആ നിതാന്ത പ്രയത്നശാലിക്കുള്ളൂ. അമ്പതോളം ലോക ഭാഷകളിൽ വ്യാപിച്ചു കിടക്കുന്ന 200-ൽ പരം ഗ്രന്ഥങ്ങളും നൂറോളം വീഡിയോ ഡോക്യുമെന്ററികളും 37 വെബ്സൈറ്റുകളും നൂറുകണക്കിന് ഗവേഷണ പ്രബന്ധങ്ങളും ഹാറൂൻ യഹ്‌യക്ക് സ്വന്തമായുണ്ട്. പാശ്ചാത്യലോകത്ത് ഇസ്‌ലാമിനെ കുറിച്ച് പഠിക്കാൻ ഏറ്റവും കൂടുതൽ അവലംബിക്കുന്ന സ്രോതസ്സുകളിലൊന്നായി ഹാറൂൻ യഹ്‌യയുടെ രചനകൾ മാറിയിരിക്കുന്നു. ഇവ കൂടാതെ അന്താരാഷ്ട്ര-ശാസ്ത്ര-പണ്ഡിത വേദികളിലുള്ള പ്രബന്ധാവതരണങ്ങളും ശ്രദ്ധേയമായിക്കൊണ്ടിരിക്കുകയാണ്.

1956-ൽ തുർക്കിയിലെ അങ്കാറയിലാണ് ഹാറൂൻ യഹ്‌യയുടെ ജനനം. ഹാറൂൻ യഹ്‌യ എന്നത് തൂലികാനാമമാണ്. യഥാർഥ പേര് അദ്നാൻ ഒക്താർ എന്നാണ്. പ്രൈമറി-സെക്കന്ററി വിദ്യാഭ്യാസം അങ്കാറയിൽനിന്നുതന്നെ നേടിയ അദ്ദേഹം ഇസ്തംബൂളിലെ മിഅ്മാർ സിനാൻ യൂനിവേഴ്സിറ്റിയിൽനിന്ന് ഫൈൻ ആർട്സിലും ഇസ്തംബൂൾ യൂനിവേഴ്സിറ്റിയിൽനിന്ന് ഫിലോസഫിയിലും ഉന്നത ബിരുദങ്ങൾ നേടി. ചെറുപ്പകാലത്തുതന്നെ അസാധാരണമായ അന്വേഷണവാഞ്ഛയും പഠനതാൽപര്യവും കാണിച്ച അദ്ദേഹം 1980 മുതൽ എഴുത്തുകാരനും പ്രസാധകനും പ്രബോധകനുമായി. പരിണാമവാദികളുടെ ഏറ്റവും ശക്തനായ എതിരാളിയായാണ് ഹാറൂൻ യഹ്‌യ ശാസ്ത്രലോകത്ത് ശ്രദ്ധേയനായത്.

*നാചർ, നാഷ്നൽ ജ്യോഗ്രഫിക്* മാഗസിൻ തുടങ്ങിയവയിലെല്ലാം പരിണാമസിദ്ധാന്തത്തിനെതിരായ ഹാറൂൻ യഹ്‌യയുടെ വാദമുഖങ്ങൾ ചർച്ചാവിഷയമായിട്ടുണ്ട്. പരിണാമവാദത്തിന്റെ അപാകങ്ങളെക്കുറിച്ചും സൃഷ്ടിപ്പിന്റെ യാഥാർഥ്യത്തെപ്പറ്റിയും സുന്ദരമായി സംവദിക്കുന്ന 'ഇന്റലക്ചൽ ഹീറോ' ആയാണ് *ന്യൂ സയന്റിസ്റ്റ്* മാഗസിൻ (2000 ഏപ്രിൽ 22) അദ്നാൻ ഒക്താനെ പരിചയപ്പെടുത്തുന്നത്.

'അറ്റ്ലസ് ഓഫ് ക്രിയേഷൻ' എന്ന ഹാറൂൻ യഹ്‌യയുടെ ഏറ്റവും പുതിയ പുസ്തകമാണ് 2006 നവംബർ 29-ന്റെ *വാഷിംഗ്ടൺ പോസ്റ്റ് റിപ്പോർട്ടി*ലെ ചർച്ചാവിഷയം. പരിണാമസിദ്ധാന്തത്തിന്റെ വാദമുഖങ്ങൾ മുഴുവൻ തകർത്തുകളയുന്ന നൂറുകണക്കിന് ബഹുവർണചിത്രങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പുസ്തകം തയാറാക്കിയിരിക്കുന്നത്. ലക്ഷക്കണക്കിന് വർഷങ്ങൾ പഴക്കമുള്ള ഫോസിലുകളുടെ ചിത്രങ്ങളും ഇന്നു കാണുന്ന അതേ ജീവിയുടെ മാറ്റമില്ലാത്ത ചിത്രങ്ങളും താരതമ്യം ചെയ്യുന്നുണ്ടിതിൽ. 768 പേജുള്ള ഈ പുസ്തകം പരിണാമവാദികൾക്ക് ശക്തമായ തിരിച്ചടിയാണ് നൽകിയിരിക്കുന്നത്.

ഹാറൂൻ യഹ്‌യയുടെ പഠനഗവേഷണങ്ങൾ പ്രധാനമായും മൂന്നായി തിരിക്കാം: രാഷ്ട്രീയം(പൊളിറ്റിക്കൽ ഇഷ്യൂസ്), ശാസ്ത്രം(സയന്റിഫിക് ഇഷ്യൂസ്), വിശ്വാസം(ഫെയ്ത് റിലേറ്റഡ് ഇഷ്യൂസ്) എന്നിവയാണവ.

ആധുനിക ഭൗതിക പ്രത്യയ ശാസ്ത്രങ്ങൾക്കെതിരെയുള്ള തുറന്ന യുദ്ധമാണ് പൊളിറ്റിക്കൽ ഇഷ്യൂകളിൽ നടത്തുന്നത്. ഡാർവിനിസത്തെയും കമ്യൂണിസം, കാപിറ്റലിസം തുടങ്ങിയ മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങളെയുമെല്ലാം നിരൂപണം ചെയ്യുന്നുണ്ട്. തീവ്രവാദത്തിന്റെയും ഭീകരതയുടെയും അടിവേര് ഭൗതിക പ്രത്യയശാസ്ത്രങ്ങളിലാണെന്നും അവക്കുള്ള ഊർജം ഡാർവിനിസമാണെന്നും അദ്ദേഹം ശക്തിയുക്തം സമർഥിക്കുന്നു. സയണിസം, ഹോളോകോസ്റ്റ്, ഫ്രീമെയ്സൻ തുടങ്ങിയവയെ പറ്റിയും മൗലികമായ രചനകളുണ്ട്.

ഖുർആൻ-ശാസ്ത്ര ഗവേഷണങ്ങളാണ് സയന്റിഫിക് ഇഷ്യൂകളിൽ പ്രധാനമായും കൈകാര്യം ചെയ്യുന്നത്. ഗോളശാസ്ത്രം, ജീവശാസ്ത്രം, ശരീരശാസ്ത്രം, ഭ്രൂണശാസ്ത്രം, സസ്യശാസ്ത്രം, ഭൂമിശാസ്ത്രം, സാങ്കേതിക വിദ്യ എന്നു തുടങ്ങി എല്ലാ ശാസ്ത്ര ശാഖകളിലും ഹാറൂൻ യഹ്‌യയുടെ ഗവേഷണങ്ങൾ കാണാം. പ്രപഞ്ചോൽപത്തി മുതൽ അണുവിഭജനം വരെ നൂറുകണക്കിന് വിഷയങ്ങളിൽ ഖുർആന്റെ പരാമർശങ്ങൾ പ്രത്യേകം പഠനവിഷയമാക്കുന്നുണ്ട്. ഇതിലൂടെ ഖുർആന്റെ ദൈവികത സ്ഥാപിക്കുകയാണ് ലക്ഷ്യം. മതമുക്തമായ പടിഞ്ഞാറൻ ശാസ്ത്രത്തിന് കൃത്യമായ ദിശാബോധം നൽകുന്നവയാണ് ഈ രചനകൾ. 'മിറക്ക്ൾസ് ഓഫ് ദ ഖുർആൻ' എന്ന ഗ്രന്ഥമാണ് ഇക്കൂട്ടത്തിൽ മികച്ച ഉദാഹരണം.

ജൈവലോകത്തെ സൃഷ്ടിവിസ്മയങ്ങൾ അനാവരണം ചെയ്യുന്ന ഹാറൂൻ യഹ്‌യയുടെ രചനകളും ശ്രദ്ധേയമാണ്. എട്ടുകാലി, ഉറുമ്പ്, തേനീച്ച, ഒട്ടകം, ബീവർ, ചിതൽ, മിന്നാമിനുങ്ങ് തുടങ്ങി അനേകം ജീവജാലങ്ങളുടെ വിസ്മയകരമായ സംവിധാനങ്ങൾ അദ്ദേഹം വിവരിക്കുന്നു. വിവിധ ജീവികളുടെ അത്ഭുതകരമായ ജീവിത സംവിധാനങ്ങൾ ചൂണ്ടിക്കാണിക്കുന്നതിലൂടെ സ്രഷ്ടാവിന്റെ അസ്തിത്വം വിളിച്ചറിയിക്കുന്ന ദൃഷ്ടാന്തങ്ങളിലേക്കാണ് ഹാറൂൻ യഹ്‌യ അനുവാചകരെ നയിക്കുന്നത്. അവക്ക് യാദൃഛികതയുമായോ പരിണാമവാദവുമായോ ബന്ധമില്ലെന്നും സ്ഥാപിക്കുന്നു.

ഹാറൂൻ യഹ്‌യയുടെ കൂടുതൽ രചനകൾ ഫെയ്ത് റിലേറ്റഡ് ഇഷ്യൂസ് മേഖലയിലാണ്. ആരാധനാകർമങ്ങൾ, പ്രാർഥനകൾ, അല്ലാഹുവിന്റെ നാമങ്ങൾ, ഈമാൻ, തവ്ബ, പ്രവാചകന്മാർ, പരലോകം, പുനരുത്ഥാനം, വിധിന്യായദിനം തുടങ്ങിയവ അവയിലുൾപ്പെടുന്നു. ഇസ്‌ലാമിലേക്ക് കടന്നുവരുന്ന പാശ്ചാത്യരെ പ്രത്യേകം മുമ്പിൽകണ്ടുകൊണ്ടാണിവയിലധികവും രചിച്ചിരിക്കുന്നത്. പടിഞ്ഞാറിനെ അവ സ്വാധീനിക്കുന്നുമുണ്ട്. ജൂത-ക്രൈസ്തവ-ഇസ്‌ലാം താരതമ്യ പഠനങ്ങളും കൂട്ടത്തിലുണ്ട്. വിവിധ മത-ഭൗതിക ദർശനങ്ങളുടെ ഭാഗത്തുനിന്ന് ഉയർന്നു വരുന്ന വിമർശനങ്ങൾക്ക് പ്രാമാണികമായി മറുപടി പറയുന്ന രചനകളിലൂടെ ഇസ്‌ലാമിക പ്രബോധനരംഗത്ത് സജീവസാന്നിധ്യമായി ഹാറൂൻ യഹ്‌യ നിറഞ്ഞുനിൽക്കുന്നു.

ഓരോ ഗ്രന്ഥവും ആധികാരികവും ആകർഷണീയവുമാണ്. റഫറൻസു

കൾ വ്യക്തമാക്കുന്നതോടൊപ്പം മനോഹരമായ ചിത്രങ്ങളുടെ അകമ്പടികളോടെയാണ് അവ തയാറാക്കിയിരിക്കുന്നത്. കഴിഞ്ഞ 20-25 വർഷങ്ങൾക്കുള്ളിലാണ് ഈ വർക്കുകളെല്ലാം അദ്ദേഹം ചെയ്തു തീർത്തത് എന്നത് ശ്രദ്ധേയമാണ്.

**വീഡിയോ ഡോക്യുമെന്ററികൾ**

മൾട്ടിമീഡിയയുടെ സാധ്യതകൾ ഇസ്‌ലാമിക പ്രബോധനരംഗത്ത് സമർഥമായി ഉപയോഗിക്കുന്നതിൽ വിജയിച്ച ഹാറൂൻ യഹ്‌യ പ്രബോധകർക്കൊരു വഴികാട്ടിയാണ്. വീഡിയോ ഡോക്യുമെന്ററികളാണ് അവയിൽ പ്രധാനം. വിഷയ സമർഥനത്തിലും ആവിഷ്കാരത്തിലും ആനിമേഷൻ വർക്കുകളിലും പ്രത്യേകം ശ്രദ്ധിക്കുന്നു. ബി.ബി.സിയും ഡിസ്കവറിയും പുറത്തിറക്കുന്ന ശാസ്ത്ര ഡോക്യുമെന്ററികളോട് കിടപിടിക്കുന്നവയാണ് ഹാറൂൻ യഹ്‌യയുടെ ഇസ്‌ലാമിക ഡോക്യുമെന്ററികൾ.

വിസ്മയങ്ങളുടെ പക്ഷിപ്രപഞ്ചം, ജൈവലോകത്തെ ദൈവികമാർഗദർശനം, അത്ഭുത ജീവികൾ ദൈവികദൃഷ്ടാന്തങ്ങൾ, ആഴക്കടൽ വിസ്മയങ്ങൾ, മനുഷ്യസൃഷ്ടിപ്പിലെ അത്ഭുതങ്ങൾ, പ്രകൃതിയിലെ ശിൽപവിദ്യക്കാർ, പ്രച്ഛന്ന വേഷക്കാർ, അമ്പരപ്പിക്കുന്ന ജന്തുക്കൾ, അന്ത്യനാളിന്റെ അടയാളങ്ങൾ, പരിണാമ വാദം: സത്യവും മിഥ്യവും, മിറക്ക്ൾസ് ഓഫ് ദ ഖുർആൻ, ഫാക്ട് ഓഫ് ക്രിയേഷൻ, ബീവറുകൾ തുടങ്ങിയവ മലയാളത്തിൽ പുറത്തിറങ്ങിയിട്ടുണ്ട്. ഡോക്യുമെന്ററികളിലെ പരിണാമവാദ നിരാകരണത്തിന്റെ തെളിവുകൾ എടുത്തു പറയേണ്ടതാണ്.

വാർധക്യം, രോഗങ്ങൾ, അപകടങ്ങൾ-അത്യാഹിതങ്ങൾ, ഭൂകമ്പം, ഉൽക്കാവർഷം, ടൈറ്റാനിക്, സൂനാമി തുടങ്ങി മരണത്തെ അനുസ്മരിപ്പിക്കുന്ന ദുരന്തദൃശ്യങ്ങൾ കോർത്തിണക്കിയതാണ് 'നശ്വരമീ ജീവിതവും' 'മനുഷ്യായനവും'.

പ്രപഞ്ചോൽപത്തി, വികാസം, ഭ്രമണപഥം, സുരക്ഷിത മേൽക്കൂര, ഇരുമ്പ്, മഴ, പർവതങ്ങൾ, ഖുർആനിലെ പ്രവചനങ്ങൾ തുടങ്ങിയ അത്ഭുതങ്ങൾ ചേർത്തു വെച്ചതാണ് മിറക്ക്ൾസ് ഓഫ് ദ ഖുർആൻ എന്ന ഡോക്യുമെന്ററി. ഇസ്‌ലാമിന്റെ അടിസ്ഥാന വിഷയങ്ങളെപ്പറ്റിയുള്ള ചോദ്യോത്തരങ്ങൾ വീഡിയോയിലൂടെ അവതരിപ്പിക്കുന്നതാണ് 'ഖുർആനിൽനിന്നുള്ള ഉത്തരങ്ങൾ' എന്ന മലയാള പതിപ്പ്.

ഹാറൂൻ യഹ്‌യയുടെ ഒട്ടുമിക്ക രചനകൾക്കും വീഡിയോ ആവിഷ്കാരമുണ്ട്. അവക്ക് സ്വതന്ത്രമായ വെബ്സൈറ്റുകളുമുണ്ട്. ഉദാഹരണമായി മിറക്ക്ൾസ് ഓഫ് ദ ഖുർആൻ എന്ന പേരിൽ തന്നെ പുസ്തകവും ലേഖനങ്ങളും ഡോക്യുമെന്ററിയും വെബ്സൈറ്റുമുണ്ട്.

**വെബ്സൈറ്റുകൾ**

**ഇസ്‌ലാമിനെ** അടുത്തറിയാൻ താൽപര്യമുള്ള ആർക്കും ഉപയോഗപ്പെടുത്താവുന്ന വെബ്സൈറ്റാണ് ഹാറൂൻ യഹ്‌യ ഡോട്ട് കോം. ഹാറൂൻ യഹ്‌യയുടെ മുഴുവൻ വർക്കുകളും സൈറ്റിലൂടെ ലഭ്യമാവും.

നൂറുകണക്കിന് ലേഖനങ്ങളും 36 വീഡിയോ ക്ലിപ്പിംഗുകളും 24 ഓഡിയോ ബുക്സും സൈറ്റിലുണ്ട്.

'ഓൾഡൗൺലോഡ്' ക്ലിക്ക് ചെയ്യുന്നതോടെ സൈറ്റിൽ ലഭ്യമായ മുഴുവൻ വിവരങ്ങളും (ടെക്സ്റ്റ്, വീഡിയോ, ഓഡിയോ) ഡൗൺലോഡ് ചെയ്യാൻ ഒരുങ്ങിക്കഴിഞ്ഞിരിക്കും. വാൾപേപ്പർ, കാറ്റലോഗ് എന്നിവയാണ് മറ്റു ലിങ്കുകൾ. ആഗോള തലത്തിൽ ഹാറൂൻ യഹ്‌യയുടെ സ്വാധീനത്തെ കുറിച്ചറിയാനുള്ള ലിങ്കാണ് 'ഇംപാക്ട് ഓഫ് ഹാറൂൻ യഹ്‌യ.'

ഹോംപേജിൽ ഫ്ളാഷ് ചെയ്തുകൊണ്ടിരിക്കുന്ന ബോക്സുകളെല്ലാം പ്രത്യേകം സംവിധാനിച്ച സൈറ്റുകളിലേക്കുള്ള കവാടങ്ങളാണ്. 'Other Sites' - ൽ ഹാറൂൻ യഹ്‌യയുടെ 36 വ്യത്യസ്ത സൈറ്റുകളിലേക്കുള്ള ലിങ്കുകൾ ലഭിക്കും.

ഇവ കൂടാതെ ഹോളി ഖുർആൻ, ഹദീസ് കോർണർ, ചോദ്യോത്തരം, യുവർ ചോയ്സ്, എക്സിബിഷൻ വിഷ്വൽ ഗാലറി തുടങ്ങിയവ ഗവേഷണ കുതുകികൾക്ക് ഏറെ പ്രയോജനകരമാണ്. 'ഹാറൂൻ യഹ്‌യ ഡോട്ട് കോം ആൻ ഇൻവിറ്റേഷൻ റ്റു ദ ട്രൂത്ത്' എന്നതാണ് സൈറ്റിന്റെ പ്രമേയം.

ഇസ്‌ലാമിനെക്കുറിച്ച് വസ്തുനിഷ്ഠമായി പഠിക്കാൻ ഹാറൂൻ യഹ്‌യയുടെ സൈറ്റുകൾ സഹായകമാണ്. ആനുകാലിക പ്രശ്നങ്ങളെ പറ്റിയും ഇസ്‌ലാമിനെതിരെയുള്ള വിമർശനങ്ങളെ പറ്റിയും ചർച്ചകൾ കാണാം. അദ്ദേഹത്തിന്റെ മുഴുവൻ വർക്കുകളും സൈറ്റിൽ സൗജന്യമായി ലഭ്യമാണ്. harunyahya.com എന്ന പ്രധാന സൈറ്റ് കൂടാതെ ഓരോ വിഷയങ്ങൾക്കുമായി 36 സൈറ്റുകൾ വേറെയുമുണ്ട്. ഓരോ സൈറ്റും ഇംഗ്ലീഷ്, അറബി, തുർക്കി, ഡച്ച്, ഫ്രഞ്ച് തുടങ്ങിയ പ്രധാന ഭാഷകളിലുണ്ട്. Language-ൽ ക്ലിക്ക് ചെയ്താൽ 50-ൽപരം ഭാഷകളിൽ ഹാറൂൻ യഹ്‌യയുടെ രചനകൾ ലഭിക്കും. ഉർദു, ഹിന്ദി, തമിഴ് തുടങ്ങിയ ഭാഷകൾ ഇതിലുൾപ്പെടുന്നു. മലയാളം ഇതുവരെ ലഭ്യമായിട്ടില്ല. പരിഭാഷകൾ നിർവഹിക്കുകയോ നിർവഹിച്ച പുസ്തക-സീഡികൾ നിർമാതാക്കൾ സൈറ്റിന് കൈമാറുകയോ ചെയ്താൽ മലയാളത്തിനും സൈറ്റിൽ സ്ഥാനം നേടാം. ഹാറൂൻ യഹ്‌യയുടെ പുസ്തകങ്ങളുടെ മലയാളത്തിലുള്ള പ്രസാധനാനുമതി നേടിയ സ്ഥാപനമാണ് വിചാരം ബുക്സ്. 'ജസ്റ്റിസ് ആന്റ് ടോളറൻസ് ഇൻ ദ ഖുർആൻ' (ഖുർആന്റെ നീതിസങ്കൽപം) എന്ന പുസ്തകമാണ് അവരുടെ പ്രഥമ സംരംഭം.

രചനാരംഗത്ത് മാത്രം ഒതുങ്ങു ന്നതല്ല ഹാറൂൻ യഹ്‌യയുടെ പ്രബോധനജീവിതം. വെബ്സൈറ്റിലെ 'കോൺഫറൻസി'ൽ അദ്ദേഹം തൊട്ടടുത്ത മാസങ്ങളിൽ പങ്കെടുക്കാനിരിക്കുന്ന അന്താരാഷ്ട്ര സമ്മേളനങ്ങളുടെയും മറ്റു പൊതുപരിപാടികളുടെയും വിശദാംശങ്ങൾ കാണാം. പല ഇംഗ്ലീഷ്-അറബി മാഗസിനുകളിലും കോളങ്ങൾ കൈകാര്യം ചെയ്യുന്നു. ഇസ്‌ലാമിക പ്രബോധനത്തിന് ലഭ്യമായ എല്ലാ മാധ്യമങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട് ഹാറൂൻ യഹ്‌യ.

കച്ചവടതാൽപര്യങ്ങളില്ലാതെ മുഴുവൻ 'സമ്പാദ്യങ്ങളും' തന്റെ വെബ്സൈറ്റുകളിലൂടെ ലോകത്തിനു മുമ്പിൽ സൗജന്യമായി തുറന്നുവെക്കുമ്പോൾ ദൈവപ്രീതിയല്ലാതെ ഒന്നും ആ പ്രബോധകൻ കാംക്ഷിക്കുന്നില്ല. അക്ഷരാർഥത്തിൽ പ്രബോധനരംഗത്തെ ഒറ്റയാൾ പ്രസ്ഥാനം.

zuhairali@maktoob.com